# കേരള തീരദേശ പരിപാലന അതോറിറ്റി
## പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് കാര്യാലയം

നാലാം നില, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ, തമ്പാനൂർ,തിരുവനന്തപുരം- 695 001
ഫോൺ - 0471 2339696 (ഓഫീസ്)

File No.08/A2/2019/KCZMA Dated: 26.04.2023

**അറിയിപ്പ്**

2011 ലെ തീരദേശ പരിപാലന വിജ്ഞാപനം മറികടന്ന് 18.01.2019 ലെ നോട്ടിഫിക്കേഷൻ നമ്പർ G.S.R.37(E) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനത്തിന്റെ ഖണ്ഡിക 6 പ്രകാരം വിജ്ഞാപനത്തിന് അനുസൃതമായ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് സംസ്ഥാന സർക്കാർ നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS) നെ ചുമതലപ്പെടുത്തിയിരുന്നു. ആയത് പ്രകാരം തയ്യാറാക്കിയ തീരദേശ പരിപാലന പ്ലാനിന്റെ കരടിന്മേൽ നിർദ്ദേശങ്ങളും പരാതികളും സ്വീകരിക്കുന്നതിലേയ്ക്കായി ഒരു പബ്ലിക് ഹിയറിംഗ് 02.06.2023-ൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പബ്ലിക് ഹിയറിംഗിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോപ്പോണന്റ് | മെമ്പർ സെക്രട്ടറി,<br>കേരള തീരദേശ പരിപാലന അതോറിറ്റി<br>നാലാം നില, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ, തമ്പാനൂർ, തിരുവനന്തപുരം - 695 001<br>ഫോൺ : 0471 2339696<br>Email : kczmasandtd@gmail.com |
| കണ്ണൂർ ജില്ലയുടെ തീരദേശ പരിപാലന പ്ലാനിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ | **കോർപ്പറേഷൻ** : (1) കണ്ണൂർ കോർപ്പറേഷൻ<br>**മുനിസിപ്പാലിറ്റികൾ** : (5) പയ്യന്നൂർ, തളിപ്പറമ്പ, തലശ്ശേരി, ആന്തൂർ, പാനൂർ<br>**ഗ്രാമപഞ്ചായത്തുകൾ** : (38) കരിവെള്ളൂർ-പേരളം, രാമന്തളി, കുഞ്ഞിമംഗലം, ചെറുതാഴം, കടന്നപ്പള്ളി-പനപുഴ, മാടായി, ഏഴോം, പരിയാരം, ചപ്പാരപ്പടവ്, ചെറുകുന്ന്, പട്ടുവം, മാറ്റൂൽ, കണ്ണപുരം, കല്ലിശ്ശേരി, പാപ്പിനിശ്ശേരി, മയ്യിൽ, കുറുമാത്തൂർ, ചെങ്ങളായി, കൊളച്ചേരി, നാരത്ത്, വളപട്ടണം, ചിറക്കൽ, അഴീക്കോട്, ചെമ്പിലോട്, അഞ്ചരക്കണ്ടി, കടമ്പൂർ, പെരളശ്ശേരി, വേങ്ങാട്, കീഴല്ലൂർ, പിണറായി, ധർമ്മടം, മുഴപ്പിലങ്ങാട്, എരഞ്ഞോളി, കതിരൂർ, ന്യൂ മാഹി, ചൊക്ലി, കരിയാട്, തൃപ്പങ്ങോട്ടൂർ |

| പബ്ലിക് ഹിയറിംഗിന്റെ **തീയതി, സമയം, സ്ഥലം** | **02.06.2023, 10.30 AM** കളക്ടറേറ്റ് കോൺഫറൻസ് കളക്ടറേറ്റ് റോഡ്, തവക്കര, കണ്ണൂർ - 670 002 |
|---|---|

കരട് തീരദേശ പരിപാലന പ്ലാൻ താഴെ പറയുന്ന കാര്യാലയങ്ങളിലും **coastal.keltron.org & keralaczma.gov.in** - എന്നീ വെബ്സൈറ്റുകളിലും പരിശോധനയ്ക്കായി ലഭ്യമാണ്.

1. ജില്ലാ കളക്ടറുടെ ഓഫീസ്, കണ്ണൂർ
2. ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ
3. ജില്ലാ പഞ്ചായത്ത് ഓഫീസ്, കണ്ണൂർ
4. മേൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന തദ്ദേശ സ്വയം ഭരണ സെക്രട്ടറിമാരുടെ കാര്യാലയങ്ങൾ
5. നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS), GWF 5+4WM, ഉള്ളൂർ, ആക്കുളം റോഡ്, ആക്കുളം, തിരുവനന്തുപരം-695 011
6. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്, നാലാം നില, കെ. എസ്.ആർ.ടി.സി ബസ് ടെർമിനൽ, തമ്പാനൂർ, തിരുവനന്തപുരം - 695 001

ഈ നോട്ടീസ് പുറപ്പെടുവിക്കുന്ന തീയതി മുതൽ 30 ദിവസത്തിനുള്ളിൽ പൊതുജനങ്ങൾക്ക് തങ്ങളുടെ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും, പരാതികളും പോസ്റ്റ് മുഖേന താഴെ പറയുന്ന വിലാസത്തിലോ, **kczmasandtd@gmail.com** എന്ന ഇമെയിൽ മുഖേനയോ എഴുതി അറിയിക്കാവുന്നതാണ്. കൂടാതെ പൊതുജനങ്ങൾക്ക് തങ്ങളുടെ അഭിപ്രായങ്ങൾ "**coastal.keltron.org**" എന്ന വെബ്സൈറ്റിലെ 'grievances' എന്ന ഓപ്ഷൻ മുഖേനയും സമർപ്പിക്കാവുന്നതാണ്.

**"മെമ്പർ സെക്രട്ടറി**
**കേരള തീരദേശ പരിപാലന അതോറിറ്റി**
**നാലാം നില, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ**
**തമ്പാനൂർ, തിരുവനന്തപുരം - 695 001"**

അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും, പരാതികളും പബ്ലിക് ഹിയറിംഗ് സമയത്ത് നേരിട്ടോ രേഖമൂലമോ സമർപ്പിക്കുന്നതിനും അവസരം ഉണ്ടായിരിക്കുന്നതാണ്.

Sd/-
**സുനീൽ പമിടി. ഐ. എഫ്. എസ്**
**മെമ്പർ സെക്രട്ടറി**
**കേരള തീരദേശ പരിപാലന അതോറിറ്റി**